# GHSS AVITANALLUR

PRESENTS ...



# മഴവില്ല്

# എഡിറ്റോറിയൽ അംഗങ്ങൾ



പ്രമോദ് കുമാർ കെ ആർ

കൈറ്റ് മാസ്റ്റർ




നഫീസ എ കെ

കൈറ്റ് മിസ്ട്രസ്



സൂര്യ ആർ എസ്




ജ്യോതിർ വിഷ്ണു എസ്



ജിഷ്ണ പി



അതുൽ എസ്



സഫ പർവീൻ കെ കെ



ഷിബിൻ രാജ് കെ ടി

*Little Kites*

GHSS Avittanallur




നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ ഈ വർഷത്തെ ഈമാഗസിൻ "മഴവില്ല് " കുട്ടികളുടെ കലാ സാഹിത്യ പ്രവർത്തനങ്ങൾക്ക് മുതൽ ക്കൂട്ടാവുമെന്നതിൽ സംശയമില്ല . കുട്ടികളുടെ സർഗ വാസനകൾ പരിപോഷിപ്പിക്കാൻ ഇത്തരം മാഗസീനുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ് . മാഗസിനും , അണിയറ പ്രവർത്തനങ്ങൾക്കും ആശംസകൾ നേരുന്നു .

വേണുഗോപാലൻ എം

ഹെഡ് മാസ്റ്റർ

## Table of Contents


എഡിറ്റോറിയൽ അംഗങ്ങൾ........................................................................................................2
മുഖമൊഴി..........................................................................................................................5
മഴയോട്.............................................................................................................................6
വായനാക്കുറിപ്പ്.....................................................................................................................7
പഞ്ചതന്ത്രം -വിഷ്ണുശർമ്മ..........................................................................................................7
യാത്രാവിവരണം...................................................................................................................8
ഞാൻ കണ്ട യാത്രയുടെ നേരം...................................................................................................8
മംഗൾയാൻ.......................................................................................................................10
ആകാംക്ഷയുടെ മുൾമുനയുമായി ഒരു ലക്കോട്ട്.........................................................................12
എം മുകുന്ദന്റെ കുട നന്നാക്കുന്ന ചോയി.......................................................................................12
മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും.............................................................................14
യാത്രാവിവരണം..................................................................................................................16
മായാത്ത ഓർമ്മ...................................................................................................................16
ഗോലിയും വളപ്പൊട്ടും.............................................................................................................18
കുട്ടിയുടെ തോന്നൽ...............................................................................................................19
പട്ടിണി.............................................................................................................................20
ആസ്വാദന കുറിപ്പ്...................................................................................................................21
ഒരു അടിമപ്പെൺകുട്ടിയുടെ ജീവിതാനുഭവങ്ങൾ..........................................................................21
മദർ തെരേസ.....................................................................................................................23
ജീവചരിത്രം........................................................................................................................23
വായനക്കുറിപ്പ്.....................................................................................................................25
സംഗീതവീട്ടിലെ രാജകുമാരൻ.................................................................................................25
എന്റെ ഓർമ്മകൾ.................................................................................................................28
മഴത്തുള്ളിയോട്..................................................................................................................29
പ്രളയമെടുത്ത സ്വപ്നം..............................................................................................................30
പാത്തുമ്മയുടെ ആട്..............................................................................................................33
ലിറ്റിൽ കൈറ്റ്സ് 2018-19.......................................................................................................37
സബ് ജില്ലാ ക്യാമ്പിലൂടെ.......................................................................................................38
ചിത്രശേഖരം .....................................................................................................................39
ചിത്രശേഖരം .....................................................................................................................40
ചിത്രശേഖരം .....................................................................................................................41



# മുഖമൊഴി

അറിവിന്റെ വെളിച്ചം പകർന്നു നൽകുന്നതോടൊപ്പം കലാകായിക സാഹിത്യ സാംസ്കാരിക മണ്ഡലങ്ങളിൽ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുന്നിൽ എത്തിക്കുന്നതിൽ വിദ്യാലയങ്ങൾ നിസ്തുലമായ പങ്കാണ് വഹിക്കുന്നത്.വിദ്യാർത്ഥികളുടെ കലാസാഹിത്യ പോഷണത്തിന് നിരവധി അവസരങ്ങളാണ് പുതിയ വിദ്യാദ്യാസ സമ്പ്രദായം കുട്ടികൾക്ക് മുമ്പിൽ തുറന്നിടുന്നത്.ഇവിടെ വരകളുടേയും വർണ്ണങ്ങളുടേയും ലോകത്ത് അവിടനല്ലൂർ ഗവ.ഹയർ സെക്കന്ററി സ്ക്കൂളിലെ കൊച്ചുകൂട്ടുകാരുടെ ഭാവനകളിലൂടെയുള്ള ഒരു ലഘുസഞ്ചാരം 'മഴവില്ല് ' എന്ന മാഗസിൻ സഹൃദയ സമക്ഷം സമർപ്പിക്കുന്നു.



# മഴയോട്

മഴയെവിടെ കൂട്ടരേ പുഴയെവിടെ കൂട്ടരേ
മധുരമാം നിറവിന്റെ പാട്ടെവിടെ കൂട്ടരേ
കലുഷമിത് സംസ്കാരം കലുഷമിത് സംസ്കൃതി
വിഷമയം വിഷഹര സർവ്വലോകം
മലയെവിടെ കൂട്ടരേ മരമെവിടെ കൂട്ടരേ
മധുരമാം നിറവിന്റെ കാലിയെവിടെ കൂട്ടരേ
ഹരിതമാം പ്രകൃതിയെ കൊന്നുതിന്നുന്ന
ഒരു ജന്തുവായിന്നു നാം മാറിയല്ലോ
മഴയേയും കണ്ടതില്ല ,പുഴയെയും കണ്ടതില്ല ,
പ്രകൃതിയുടെ വരദാനമൊന്നുമേ കണ്ടതില്ല ,
ഇനിയെങ്കിലും നാം കാണണം പ്രകൃതിയെ
ജനനിയായ് ധരണിയായ് ദേവതയായ്

സൗപരാജ് എസ് എ
VIII B



# വായനാക്കുറിപ്പ്

## പഞ്ചതന്ത്രം -വിഷ്ണുശർമ്മ

ദക്ഷിണപഥത്തിലെ മഹിളാരോപ്യം എന്ന പട്ടണത്തിലെ രാജാവായിരുന്ന അമരശക്തി .രാജാവിന്റെ മൂന്ന് പുത്രന്മാരും അലസരും അജ്ഞാനരും മൂഢാത്മാക്കളുമായിരുന്നു പുത്രന്മാരെ ഓർത്ത് രാജാവ് ദുഃഖിച്ചു .പുത്രന്മാരെ ജ്ഞാനികളാക്കാൻ രാജാവ് പലവഴികളും ശ്രമിച്ചു വിഷ്ണുശർമ്മ എന്ന
പണ്ഡിത ബ്രാഹ്മണനെകുറിച്ച് രാജാവിനോട് സുമതി എന്ന മന്ത്രി പറഞ്ഞു.വിഷ്ണുശർമ്മയെ രാജാവ് കൊട്ടാരത്തിലേക് ആളെയയച്ചു വരുത്തി .

പക്ഷിമൃഗാദികളെ കഥാപാത്രമാക്കികൊണ്ട് സരസവും വിജ്ഞാനപ്രദവുമായഅനേകം കഥകൾ വിഷ്ണുശർമ്മ മൂന്ന് രാജകുമാരന്മാർക്കും പറഞ്ഞുകൊടുത്തു .അതാണ് പഞ്ചതന്ത്ര കഥകൾ .പേരു സൂചിപ്പിക്കുന്നതുപോലെ തന്നെ അഞ്ചുതന്ത്രങ്ങളായാണ് വിഷ്ണുശർമ്മ രാജകുമാരന്മാര കഥകൾ പറഞ്ഞു കേൾപ്പിച്ചത് .മിത്രഭേദം ,മിത്രസംപ്രാപ്തി കാകോലുകീയം ലബ്ധ പ്രാണാശം ,അപരീക്ഷിത കാരകം എന്നിങ്ങനെയാണ് ആ അഞ്ചുതന്ത്രങ്ങൾ . ഓരോ തന്ത്രങ്ങളിലും നിരവധി കഥകൾ ഉൾകൊള്ളുന്നു.

വിഷ്ണു ശർമ്മ രാജകുമാരന്മാരെ അഞ്ചു തന്ത്രങ്ങളും വിധിയാം വണ്ണം പഠിപ്പിച്ച് അവരെ നീതി സാരാജ്ഞരാക്കി രാജാവിനെ ഏൽപ്പിച്ചു . രാജകുമാരന്മാരെ പരീക്ഷിച്ചു നോക്കി ബോധ്യം വന്ന ശേഷം വിഷ്ണുശർമ്മയ്ക്ക് അളവ റ്റ സമ്പത്തു നൽകി സന്തോഷിപ്പിച്ചു എന്നാണ് കഥാവസാനം .



# യാത്രാവിവരണം

## ഞാൻ കണ്ട യാത്രയുടെ നേരം

മെയ് 2 രാവിലെ 4 മണിയ്ക്ക് പുറപ്പെട്ട ഞങ്ങൾ രാവിലെ 12 മണിയ്ക്കാണ് മൂന്നാർ എത്തിയത്. ഞങ്ങൾ 13 കുടുംബങ്ങൾ ഒരു ടൂറിസ്റ്റ് ബസ്സിൽ .മൂന്നാർ പട്ടണത്തിലെ മാലിന്യങ്ങളുടെ മണവും വാഹന പുക ശല്യവുമെല്ലാം എന്നെ ഒരുപാട് തളർത്തിയെങ്കിലും കുറച്ചു കഴിഞ്ഞ് കണ്ട കാഴ്ച എന്നെ ഒരുപാട് സന്തോഷിപ്പിച്ചു.ഒരുപാട് നിറത്തിലും ആകൃതിയിലും ഉള്ള മനോഹരമായ പുഷ്പങ്ങൾ യാത്രക്കാർക്ക് കാണാൻ ഒരുക്കിവച്ചിരിക്കുന്നു.അതിന്റെ പേരാണ് 'ഫ്ലവർ ഷോ' .ആ കാഴ്ച കണ്ട് മൂന്നാർ പട്ടണത്തിലേയ്ക്ക് മടങ്ങുമ്പോൾ ഞാൻ ഒരുപാട് ദു:ഖിതയായി. അപ്പുറത്തും ഇപ്പുറത്തും ഒരുപാട് വലിയ വലിയ കെട്ടിടങ്ങൾ. അതിലൊന്ന് ഞങ്ങൾ സെലക്ട് ചെയ്ത് അവിടേയ്ക്ക് പോയി.വിശാലമായ റൂമുകൾ,ഓരോ കുടുംബത്തിനും ഓരോ മുറികൾ.ഞങ്ങൾക്ക് എസിയും ടിവിയും വിശാലമായ ഡബിൾ കട്ടിലോടു കൂടിയ മുറി കിട്ടി. പിറ്റേന്ന് രാവിലെ ഞങ്ങൽ നീലക്കുറിഞ്ഞി പൂക്കളുടെ നാടായ പ്രകൃതി രമണീയമായ ഇരവികുളത്തേയ്ക്ക് പോയി.വരയാടുകൾ ഓടിയും ചാടിയും കളിക്കുന്ന സ്ഥലം.വെയിലിന്റെ ചൂട് എന്നെ തളർത്തി.ആ നേരത്താണ് വെള്ളം നിറഞ്ഞൊഴുകുന്ന പൈപ്പ് കണ്ടത്.പെട്ടെന്ന് തന്നെ അവിടേയ്ക്ക് പോയി മതിയാവോളം വെള്ളം കുടിച്ചു.വരയാടിനെയും നീലകുറിഞ്ഞിയെയും കണ്ട് ഞങ്ങൾ മടക്കമായി.യാത്രാക്ഷീണം കഴിഞ്ഞ് ഞങ്ങൾ റൂമിലെത്തി.ഞങ്ങളുടെ യാത്രയുടെ മൂന്നാം ദിനമായി.അവസാനമായി ഞങ്ങൾ പോയത് വള്ളംകളിയുടെ ജൻമനാടും കിഴക്കിന്റെ വെനീസ് എന്നും

വിശേഷിപ്പിക്കുന്ന ആലപ്പുഴയിലാണ്. അവിടെ വിശാലമായ കുട്ടനാടൻ കായലിൽ നമ്മുടെയെല്ലാം പ്രിയ സിനിമാതാരം മരിച്ചു മണ്ണടിഞ്ഞ ശ്രീ.കലാഭവൻമണിയുടെ ജൻമഭൂമി.നിരനിരയായി ഹൗസ് ബോട്ടുകൾ നിർത്തിയിട്ടിരിക്കുന്നു.അതിൽ നല്ലത് നോക്കി തിരഞ്ഞെടുത്തു.മുന്നിലും പിന്നിലും ഹൗസ് ബോട്ടുകൾ നിർത്തിയിട്ടതുകൊണ്ട് കായലിലേയ്ക്ക് പോകാൻ ഒരുപാട് ബുദ്ധിമുട്ടി.ബോട്ടിന്റെ മുകളിൽ നിന്ന് ശുദ്ധവായുവും ശ്വസിച്ച് കുളിർകാറ്റും ലഭിച്ച് ഞങ്ങൾ യാത്രതുടങ്ങി. ഉച്ചയായപ്പോൾ നല്ല കരിമീൻ വറുത്തതും ചെമ്മീൻ കറിയും കൂട്ടി ഞങ്ങൾ സദ്യ കഴിച്ചു.പിന്നെ ഡാൻസും പാട്ടുമെല്ലാമായിരുന്നു.കുറേ ദൂരെ എത്തിയപ്പോൾ കള്ള്ഷാപ്പ് കണ്ടു.കുറേ ആളുകൾ അവിടെ നിന്ന് നല്ല തെങ്ങിൻ കള്ള് വാങ്ങി ബോട്ടിൽ കൊണ്ടുവന്നു.ഞങ്ങൾ കുട്ടികളും രുചിച്ചുനോക്കി.ഈ കുസൃതികളും ആഘോഷങ്ങളും കഴിഞ്ഞ് ഞങ്ങൾ വീട്ടിലേയ്ക്ക് മടക്കമായി.ഈ സുന്ദരമായ നാട് വിട്ടുപിരിയുമ്പോൾ എനിയ്ക്ക് എവിടെ നിന്നോ ഒരു സങ്കടം ഓടിയെത്തി.ഈ ഒരു യാത്ര എനിയ്ക്ക് മറക്കാൻ പറ്റാത്ത അനുഭവമായി മാറുകയും ചെയ്തു.

അശ്വതി

VIII C



# മംഗൾയാൻ

മംഗൾയാൻ ഇന്ത്യയുടെ ചൊവ്വാപര്യവേഷണം എന്ന ഗ്രന്ഥത്തിന്റെ കർത്താവാണ് കനകരാഘവൻ.ആദ്യശ്രമത്തിൽ ചൊവ്വാദൗത്യം പൂർത്തിയാക്കിയ ഏകരാജ്യം .ചൊവ്വാദൗത്യത്തിൽ വിജയിച്ച ഏക ഏഷ്യൻരാജ്യം .ബഹിരാകാശഗവേഷണരംഗത്തെ നാലാമത്തെ ലോകശക്തി . ഭാരതത്തിനു നിരവധി ബഹുമതികൾ നേടിക്കൊടുത്ത ചൊവ്വാദൗത്യത്തിന്റെ തുടക്കം മുതൽ വിജയം വരെയുള്ള വിവരങ്ങൾ അടങ്ങിയ അറിവിന്റെ ലോകമായ ഗ്രന്ഥമാണിത്

2014 സെപ്തംബർ 24 -ാം തിയതി ബുധനാഴ്ച്ചയായിരുന്നു ഭാരതത്തിന്റെ ചൊവ്വപര്യവേഷണപേടകം 'മംഗൾയാൻ'ചൊവ്വയുടെ ഭ്രമണപഥത്തിൽ പ്രവേശിച്ചത് . ഭാരതീയ പുരാണപ്രകാരം ചൊവ്വ ഭൂമിയുടെ മകനാണ് എന്ന വിശ്വാസം പോലും വിടാതെ ഈ ഗ്രന്ഥത്തിൽ ഉൾപ്പെട്ടിട്ടുണ്ട് .അഗ്നിപുരാണത്തിൽ പറയുന്നത് അഗ്നിയിൽ നിന്നും ജനിച്ച എട്ടു ചുവന്ന കുതിരകളിൽ വലിക്കുന്ന സ്വർണ്ണരഥത്തിലാണ് ചൊവ്വ സഞ്ചരിക്കുന്നതെന്നും വായനയിലൂടെ മനസിലാക്കപ്പെടുന്നു . ഈ പുസ്തകത്തിൽ ചൊവ്വയെയും ഭൂമിയെയും താരതമ്യപ്പെടുത്തുന്ന വാക്യങ്ങൾ ഉണ്ട് അവയ്ക്ക് ഉദാഹരണങ്ങളാണ്"വടക്കും കിഴക്കും ധ്രുവങ്ങളിൽ മഞ്ഞുതൊപ്പിയായി കാണപ്പെടുന്ന ചൊവ്വയുടെ അന്തരീക്ഷം ഭൂമിയുടേതിനേക്കാൾ വളരെ സാന്ദ്രത കുറഞ്ഞതാണ് "

ചൊവ്വയുടെ അന്തരീക്ഷത്തിലെ പ്രധാന വാതകം കാർബൺ ഡൈ ഓക്സൈഡാണ് .കാർബൺ മോണോക്സൈഡ്, മീഥേൻ , നിയോൺ,ക്രിപ്റ്റോൺ , സിനോൺ , ജലബാഷ്പം എന്നിവയുടെ ചെറിയ അംശവുമുണ്ട് . ചൊവ്വയിൽ അന്തരീക്ഷമർദം വളരെ കുറവാണ് . ഭൂമിയുടെ അന്തരീക്ഷമർദവുമായി താരതമ്യം ചെയ്താൽ ചൊവ്വയിലെ മർദ്ദം 6 ശതമാനം മാത്രമാണ് .



ഈ പുസ്തകത്തിൽ ചൊവ്വയിലെത്തിയ പേടകങ്ങളെക്കുറിച്ചും വിശദമാക്കുന്നുണ്ട് . മറൈനെർ , മാഴ്സ് ,സൊജേണർ , റോബർട്ട് , വൈക്കിങ് , സ്പിരിറ്റ് , മാഴ്സ് ഗ്ലോബൽ സർവേയർ , ഓപ്പർട്യൂണിറ്റി എന്നിവയെല്ലാം ചൊവ്വയിലെത്തിയ പേടകങ്ങളാണ് . ഈ പുസ്തകത്തിൽ ഇവയെ ചിന്താസഹിതം വിശദമാക്കി തെളിയിച്ചു തന്നിരിക്കുകയാണ് .

മംഗൾയാന്റെ എല്ലാ വിവരങ്ങളും അടങ്ങിയ ഒരു പുസ്തകമാണിത് .

ആർഷ .പി .എസ്
VIII D

*Little Kites*

GHSS Avittanallur

# ആകാംക്ഷയുടെ മുൾമുനയുമായി ഒരു ലക്കോട്ട്

## എം മുകുന്ദന്റെ കുട നന്നാക്കുന്ന ചോയി

ആധുനിക മലയാള നോവൽ സാഹിത്യത്തിലെ ഏറ്റവും ശ്രദ്ധേയനായ സാഹിത്യപ്രതിഭയാണ് എം മുകുന്ദൻ.മയ്യഴിയുടെ കഥാകാരൻ എന്ന് വിശേഷിപ്പിക്കുന്ന മുകുന്ദന്റെ ഓരോ രചനയും ഓരോ പരീക്ഷണങ്ങളാണ്.'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ' തുടങ്ങി നൃത്തം ചെയ്യുന്ന കുടകൾ വരെയുള്ള അതിവിപുലമായ നോവൽ ലോകമാണ് മുകുന്ദന്റേത് എന്നു പറയാം.സമീപകാല നോവലുകളിൽ വേറിട്ട ചർച്ചയ്ക്കും വിശകലനത്തിനും പുതിയ സാധ്യതകൾ ഒരുക്കിയ രചനയാണ് 'കുട നന്നാക്കുന്ന ചോയി.'പരീക്ഷണവും ആഖ്യാനത്തിലെ സവിശേഷ സമീപനവും ഈ നോവലിനെ വ്യത്യസ്തമാക്കുന്നു.

മയ്യഴിയുടെ ഗ്രാമീണ സൗഭാഗ്യങ്ങളും കെട്ടുകഥകൾ നിറഞ്ഞ ഒരു ലോകവുമാണ് മുകുന്ദന്റെ രചനകളിൽ തെളിയുന്നത്.വായനക്കാരന് പൂർണ്ണമായും ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുവാൻ - കുട നന്നാക്കുന്നവൻ ചോയി എന്ന നോവലിന് കഴിഞ്ഞിട്ടുണ്ട്.ഒരു പ്രത്യേക അന്തരീക്ഷത്തിലാണ് ഈ നോവൽ നിലകൊള്ളുന്നത്.നോവലിലെ പ്രമേയം മയ്യഴിയിൽ നിന്ന് ഫ്രാൻസിലേയ്ക്ക് പോകുന്ന കുട നന്നാക്കുന്ന ചോയി ,കുഞ്ഞിക്കുനിയിൽ അബ്ദുട്ടിയുടെ മകൻ മാധവന്റെ കൈയ്യിൽ താൻ മരിച്ചാലേ തുറക്കാവൂ എന്നു പറഞ്ഞ് ഏൽപ്പിച്ച ലക്കോട്ടാണ്.അതാകട്ടെ മയ്യഴിയുടെ നാട്ടുവാഴികളടക്കം പ്രധാന ചർച്ചാവിഷയമായിരുന്നു.ചോയിയുടെ മരണാനന്തരം ലക്കോട്ട് മാധവന് തുറക്കേണ്ടി വന്ന സാഹചര്യം തികഞ്ഞ നാടകീയതയോടെ ഇവിടെ അവതരിപ്പിക്കുന്നു.കുട നന്നാക്കുന്ന ചോയി എന്ന നോവൽ

യഥാർത്ഥത്തിൽ പൂർണ്ണമാകുന്നത് ഇതിന്റെ തുടർച്ചയായി മുകുന്ദൻ എഴുതിയ നൃത്തം ചെയ്യുന്ന കുടകൾ എന്ന രചനയിലൂടെയാണ്.കുട നന്നാക്കുന്ന ചോയി ആവി കപ്പൽ കയറി കടലിനക്കരെ പോയി എന്ന വാചകത്തിലാണ് നോവലാരംഭിക്കുന്നത്.നോവലിനകത്ത് നിറയുന്ന കഥാപാത്രങ്ങൾഒരു ദേശത്തിലെ സാധാരണ മനുഷ്യരാണ്.നൂറു കുമാരൻ,കേഥൻ മേസ്ത്രി,കുഞ്ഞികുട്ടി,സാറാപ്പ്,കമല,കമ്പിശിവായി ,കേശവൻ,വിദ്യാൻ,കുമാരൻ മാഷ്,തോലൻ,രാധ എന്നിവരാണ് ഇതിലെ മറ്റ് കഥാപാത്രങ്ങൾ.

മുകുന്ദന്റെ മറ്റ് നോവലുകളിൽ നിന്ന് ഇതിനെ മാറ്റി നിർത്തുന്ന ഘടകം ഭാഷയാണ്.മയ്യഴിയുടെ പഴമനസ്സുകളിൽ ഒരു കാലത്ത് നിറഞ്ഞുനിന്നിരുന്ന ശുദ്ധഗ്രാമീണ ഭാഷയും ശൈലിയും ഏതൊരു വായനക്കാരനെയും ആകർഷിക്കുന്നു.മാറി വരുന്ന ഇന്ത്യൻ രാഷ്ട്രീയ അന്തരീക്ഷത്തെ പൂർണ്ണമായ ഗൗരവത്തോടെ നോക്കി കാണുന്ന എം മുകുന്ദന്റെ ആഖ്യാനരീതിയാണ്.ഇന്ത്യയിൽ പുതുതായി രൂപം കൊള്ളുന്ന രാഷ്ട്രീയ അന്തരീക്ഷം ഏതാണ്ട് തെളിഞ്ഞഭാഷയിൽ ഇവിടെ അവതരിപ്പിക്കാനുള്ള ശ്രമം തന്നെയാണ് മുകുന്ദൻ സ്വീകരിക്കുന്നത്.യഥാർത്ഥത്തിൽ ചോയി മാധവന് നൽകിയ ലക്കോട്ടിലെ രഹസ്യം ഇവിടെ വെളിപ്പെടുത്തുന്നില്ല.അതുകൊണ്ട് തന്നെയാണ് മുകുന്ദൻ ഇതിന്റെ തുടർച്ചയായി നൃത്തം ചെയ്യുന്ന കുടകൾ എന്ന രണ്ടാംഭാഗം എഴുതിയത് എന്നുപറയാം.നോവൽ വായനക്കപ്പുറത്ത് പുതിയ ഒരു പരീക്ഷണത്തേയും രീതിയെയും സാധ്യത തന്നെയാണ് മുകുന്ദൻ മലയാളിയ്ക്ക് മുന്നിൽ അവതരിപ്പിച്ചത്.

സൂര്യ ആർ എസ്
IX A

# മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും

ഞാൻ വായനകൊണ്ടറിഞ്ഞ ഒരു പുസ്തകമാണ് അർഷാദ് ബത്തേരിയുടെ മീനുകളുടെ ആകാശവും പറവകളുടെ ഭൂമിയും എന്ന കഥ പുതിയ കാലവും ലോകവുമാണ് ഈ കഥയിൽ തെളിയുന്നത്. ഇതിലെ പ്രധാന കഥാപാത്രങ്ങൾ ജന്റിതോമസും, ഉത്തമനും എന്ന കുട്ടികളുടേതാണ് ഈ കഥ . നമ്മുടെ ലോകത്തെ സംബന്ധിച്ചിട്ടുള്ള ഈ ഉദാഹരണം കൂടിയാണ് ഈ കഥയിൽ ജന്റി തോമസ് എന്ന കുട്ടി പ്രകൃതിയെ അറിഞ്ഞു കളിച്ചും ചിരിച്ചും സന്തോഷവും ആയാണ് കഴിഞ്ഞിരുന്നത്. പക്ഷെ അയല്പക്കത്തെ വീട്ടിലെ ഉത്തമനെന്ന കുട്ടിക്കാണെങ്കിൽ വീട്ടിൽ മാത്രമാണ് എപ്പോഴും ഇരിക്കുക. അവൻ ഒരിക്കലും പ്രകൃതിയെ അറിഞ്ഞു കഴിഞ്ഞിരുന്നില്ല .പെട്ടന്നാണ് അവന്റെ മനസ്സിൽ ഒരാഗ്രഹം തെളിഞ്ഞത് തനിക്ക് ഒരു അക്യുറിയാം വാങ്ങിത്തരണം എന്ന് വാങ്ങിയതും .അവൻ അതിനെ വളർത്താൻ തുടങ്ങി . അടുത്ത കൂട്ടുകാരനായ ജന്റി തോമസ് അവനോടു പറഞ്ഞു നീ ചെറുജീവിയെ അടച്ചിട്ടിരിക്കുന്നത് ശരിയല്ല .ഇതിനു ഇതിന്റെ മറ്റു കൂട്ടുകാരോടൊപ്പം ജീവിക്കാൻ ആയിരിക്കാം ഏറ്റവും ഇഷ്ടം .പക്ഷെ അവൻ ഒന്നും കേട്ടില്ല എന്നു നടിച്ചു . പിന്നീടാണ് അവന്റെ മനസിൽ ഒരു കാര്യം തോന്നിയത് തനിക്കും പുറത്തു പോയി കൂട്ടുകാരോടൊപ്പം കളിക്കണമെന്ന്. പക്ഷെ തന്റെ അമ്മയും അച്ഛനും അവനെ പോവാൻ അനുവദിച്ചില്ല തന്റെ കൂട്ടുകാരൻ പറഞ്ഞ കാര്യങ്ങൾ അവൻ പെട്ടന്ന് ഓർമ്മ വന്നു. അന്ന് തൊട്ടാണ് അവൻ കാര്യങ്ങൾ പിടികിട്ടിയത് താൻ വാങ്ങിയ മത്സ്യത്തെ അവൻ ഈ ചെറു കുളത്തിൽ ഇടുകയും തന്റെ കൂട്ടുകാരനോട് താനിത് പറയുകയും ചെയ്തു .ഇതു കണ്ട അച്ഛനും

അമ്മയ്ക്കും സന്തോഷം അടക്കുവാൻ കഴിഞ്ഞില്ല .രണ്ടു പേരെയും അവർ സന്തോഷത്തോടെ കൈപിടിച്ചു ഇനി നിങ്ങൾ രണ്ടു പേരും പ്രകൃതിയെ സ്നേഹിച്ചു കളിച്ചോളും എന്ന ഈ കഥയിലുള്ള കാര്യം നാം ചെയ്യണ്ട ഒരു കർമ്മം കൂടിയാണ്. പ്രകൃതിയെ ഇപ്പോഴും നശിപ്പിച്ചു കൊണ്ടിരിക്കുന്ന മനുഷ്യൻ എന്ന വൈറസ് കാര്യങ്ങളെ ഉൾക്കൊള്ളിച്ചുള്ള ഈ കഥയും നമ്മുടെ കഥാകൃത്തും മനസ്സിൽ നല്ല ചിന്ത ഉണർത്തുന്നു നമ്മുടെ ഉള്ളിൽ ആകർഷണത്വം ചെലുത്തുന്ന ഒരു കഥ കൂടിയാണ് അർഷാദ് ബത്തേരിയുടെ ഈ കഥ.

വിസ്മയ ടി പി
VIII C



# യാത്രാവിവരണം

# മായാത്ത ഓർമ്മ

അച്ഛനും അമ്മയും ക്രൂടെയില്ലാത്ത ആദ്യ സ്ക്രൂൾയാത്ര. ഫെബ്രുവരി 25 രാവിലെ 6 മണിയ്ക്ക് കോട്ടൂർ എ യു പി സ്ക്രൂളിൽ നിന്ന് പുറപ്പെട്ട ഞങ്ങൾ പാട്ടും ഡാൻസുമായി ഒരു പെട്രോൾ പമ്പിലെത്തി.അതുകഴിഞ്ഞ് ചായകുടിച്ചു.പത്തിരിയും മസാലക്കറിയും .അതെല്ലാം കഴിച്ച് ഞങ്ങൾ ഗുരുവായൂർ ആനപ്പന്തിയിലേയ്ക്ക് പുറപ്പെട്ടു. ബസ്സിൽ നിന്ന് ഓരോരുത്തരും രണ്ട് വാക്ക് സംസാരിക്കാൻ പറഞ്ഞു.എന്റെ ഊഴമെത്തി.ധൈര്യത്തിന് ആർഷയെയും ക്രൂട്ടി.പിന്നെ പാട്ടു വെച്ചു,ഡാൻസായി.അങ്ങനെ ഞങ്ങൾ ആനപ്പന്തിയിലെത്തി.പുന്നത്തൂർ കോട്ടയോട് യോജിച്ചാണ് ആനപ്പന്തി സ്ഥിതി ചെയ്യുന്നത്.1975 ൽ പുന്നത്തൂർ കോട്ട വിലയ്ക്കു വാങ്ങി. കേരളത്തിൽ ആനയോട്ടം നടക്കുന്ന പ്രസിദ്ധമായ സ്ഥലമാണിത്.ഗുരുവായൂർകേശവനാണ്ഇവിടത്തെ കൊലക്കൊമ്പൻ. ഗജവീരൻമാരായ ആനകളാണ് ഇവിടെയുള്ളത്. ഞങ്ങൾ പോയപ്പോൾ അവിടെ ഒരാന തളർന്ന് കിടക്കുന്നത് കണ്ടു.എന്തുപറ്റിയതാണെന്ന് ചോദിക്കാൻ സാധിച്ചില്ല.51 ആനകളെ ഒരുമിച്ച് കണ്ടു.വിശ്വൻ എന്ന ആനപ്പാപ്പാൻ ഞങ്ങൾക്ക് ഈ ആനകളെപ്പറ്റി ക്ലാസെടുത്തുതന്നു.അങ്ങനെ ഞങ്ങൾ മടങ്ങി.എണ്ണപ്പനകളുടെ തോട്ടം കണ്ടു.പിന്നെ പോകുന്നത് തൃശ്ശൂർ മൃഗശാലയിലേയ്ക്കാണ്.1885 ലാണ് മൃഗശാല രൂപം കൊണ്ടത്.ഇന്ത്യയിലെ ഏറ്റവും പഴക്കമേറിയ മൃഗശാലകളിലൊന്നാണിത്.അടുത്തതായി ഞങ്ങൾ പോയത് തുമ്പൂർ ഡാമിലേക്കാണ്.അവിടെ നിന്ന് ഞങ്ങൾ തൂക്കുപാലത്തിന്റെ മുകളിൽ കയറി.മധ്യത്തിലെത്തിയപ്പോൾ കുറച്ചുഭയംതോന്നിയെങ്കിലും പിന്നീട് വലിയ ഉന്മേഷമായിരുന്നു.

*Little Kites*

GHSS Avittanallur

പിന്നീട് ഞങ്ങൾ പോയത് ആതിരപ്പള്ളി വെള്ളച്ചാട്ടം കാണാൻ ആണ്.വെള്ളത്തിന്റെ അതിശക്തമായ വീഴ്ചയിൽ തെറിക്കുന്ന ഓരോ വെള്ളക്കുമിളകളും എന്നെ തലോടി.രാത്രിയായി.ഞങ്ങൾ ഹോട്ടലിലെത്തി.ഭക്ഷണം കഴിച്ച് റൂമിൽ പോയി കിടന്നുറങ്ങി.പെട്ടെന്ന് വാതിലിൽ മുട്ടുന്ന ഒച്ച കേട്ടു.ടീച്ചർമാരായിരുന്നു.യാത്രയുടെ രണ്ടാം ദിവസമായി.രാവിലെ ഉണർന്നു.പല്ലുതേച്ചു.കുളിച്ച് യൂണിഫോം ഇട്ടു.ശേഷം ഞങ്ങൾ ടീച്ചർമാരുടെ റൂമിൽ പോയി.പിന്നെ ഭക്ഷണം കഴിച്ചു.തിരിച്ച് റൂമിലെത്തി ബാഗുമെടുത്ത് ബസ്സിൽ കയറി.ആദ്യംപോയത് മെട്രോയിലായിരുന്നു.ആലുവയിൽ നിന്ന് കയറി കളമശ്ശേരി എത്തി ഇറങ്ങി.പിന്നീട് അന്ന അലൂമിനിയം കമ്പനിയിലേക്ക് പോയി.ഇതും കഴിഞ്ഞ് നടക്കുമ്പോൾ മുന്നിലുള്ള കമ്പി ഞാൻ കണ്ടില്ലായിരുന്നു.അത് എന്റെ നെറ്റിയിൽ കുത്തി.തിരിച്ച് പോകുംവഴി ഞങ്ങൾ ലുലുമാളിൽ കയറി.അവിടെ എല്ലാത്തിനും നല്ല വിലളാണ്.അതുകൊണ്ട് ഒന്നും വാങ്ങിയില്ല.പിന്നെ ഞങ്ങൾ യാത്രയായി.ഈ യാത്രയുടെ ഓരോ നിമിഷവും എന്റെ മനസ്സിൽ ഒരു ഓർമ്മയായി മാറി.

അശ്വതി
VIII C

*Little Kites*

GHSS Avittanallur

# ഗോലിയും വളപ്പൊട്ടും

കുട്ടികളിൽ നൻമയും ധാർമിക മൂല്യങ്ങളും വളർത്തുകയും അതോടൊപ്പം അവർക്ക് പുതിയ ലോകത്തെ നേരിടുവാനുള്ള ഉൾക്കരുത്ത് പകരുകയും ചെയ്യുന്ന കഥകളുടെ സമാഹാരം.പ്രശസ്ത എഴുത്തുകാരൻ സുഭാഷ് ചന്ദ്രൻ  കുട്ടികൾക്ക് വേണ്ടി എഴുതുന്ന സൻമാർഗ്ഗ കഥാമാല എന്ന കഥാപരമ്പരയിലെ രണ്ടാമത്തെ പുസ്തകം

ഈ പുസ്തകം എനിയ്ക്ക് വളരെ എറെ ഇഷ്ടപ്പെട്ടു.സുഭാഷ് ചന്ദ്രൻ എന്ന എഴുത്തുകാരൻ 1972 ൽ ആലുവയ്ക്കടുത്ത് കൊടുങ്ങല്ലൂരിൽ ജനിച്ചു.അച്ഛൻ ചന്ദ്രശേഖരൻ പിള്ള. അമ്മ പൊന്നമ്മ. ഈ കഥയിൽ പറയുന്നത് മൃഗങ്ങളെയും രാജാവിനെയും കള്ളൻമാരെയുമൊക്കെ പറ്റിയാണ്.നല്ല രസകരമായ കഥകളാണ് ഇതിലുള്ളത്. ഇതിന്റെ ആശയം എന്നാൽ ഭ്രമിയമ്മയും മക്കളും ,ഭ്രമിയിലെ മാലാഖ,അക്കുടുമുയൽ അപ്പം ചുട്ടുഎന്നതാണ് ഈ കഥയിലെ ആമുഖം.എന്നാൽ ഇപ്പോൾ സൻമാർഗ്ഗ കഥാമാല എന്ന പേരിൽ ഒരു പരമ്പരയായി. അവയെല്ലാം സഞ്ചയിക്കാൻ മുന്നിട്ടുവന്ന മാതൃഭ്രമി എന്നതാണ് . പിന്നെ ഈ കഥയുടെ പേര് പണ്ട് പണ്ടൊരു മാർത്താണ്ഡവർമ്മ എന്നതാണ്.ഈ കഥ വായിക്കുമ്പോൾ നല്ല ഉറക്കം വരുന്നതുപോലെയാണ്.

ഹിബ ഫാത്തിമ
VIII E

*Little Kites*

GHSS Avittathur

# കുട്ടിയുടെ തോന്നൽ

രക്തം ചിതറിക്കിടക്കുന്ന മുറ്റത്ത്
ഒറ്റയ്ക്കകപ്പെടല്ലേ ഞാൻ നിന്റെ
ദു:ഖങ്ങളെല്ലാം ഓർത്തിടുന്നു നിന്റെ
കാര്യങ്ങളൊക്കെയും ഓർത്തിടുന്നു.
ഒരു മഞ്ഞുതുള്ളിയായ് അകലെ
മറയുന്ന ഒരു കൊച്ചു സൂര്യവെ -
ളിച്ചമായൊന്നു മാറാൻ എന്തൊരു
ചന്തമാണെന്തൊരു ഭംഗിയാ നിൻ
രൂപമായൊന്നു മാറാൻ.

നന്ദന ടി കെ
VIII C

# പട്ടിണി

എം കൃഷ്ണദാസിന്റെ അവിടെയും ഇവിടെയുമായി ചിതറികിടക്കുന്ന ചെറിയ വാക്കുകൾ പെറുക്കിക്കൂട്ടി മെനഞ്ഞെടുത്ത കുഞ്ഞു കുഞ്ഞു കഥകളിൽ ഒന്നാണ് പട്ടിണി. നമ്മുടെ ജീവിത പരിസരവുമായി ഏറെ അടുത്തു നിൽക്കുന്ന കഥകളാണ് എം കൃഷ്ണദാസിന്റെ എല്ലാ കഥകളും .

ഇദ്ധേഹം സാധാരണക്കാരന്റെ തൊട്ടടുത്ത് ഉണ്ടാകുന്നതും ചിലപ്പോൾ നാം നമ്മുടെ നേരമില്ലാത്ത ലോകത്ത് പലപ്പോഴുമായി ശ്രദ്ധിക്കാതെ പോകുന്ന പട്ടിണിപ്പാവങ്ങളെ കുറിച്ച് ആർക്കെങ്കിലും അറിയാമോ?ഒരു നേരത്തെ ഭക്ഷണത്തിന് വഴിയില്ലാത്ത ഇവർ നമ്മുടെ വീടിന്റെ ഗേറ്റുവരെ എത്തും.ഇവർ പ്രതീക്ഷിച്ചു വരുന്നത് ആരും ഇവർക്ക് നൽകില്ല.എന്നാൽ ഒരു കവിയുടെ അടുത്തുള്ള വീട്ടിലെ പട്ടിണി എന്താണ് എന്നറിഞ്ഞ ഒരു അഞ്ചു വയസ്സുകാരി ആരുമില്ലാതെ ഒറ്റപ്പെട്ട് നരകവേദന അനുഭവിക്കുന്ന രണ്ടു ദിവസമായി ഒന്നും തിന്നാത്ത ഈ അമ്മയ്ക്ക് തന്റെ കൈയ്യിൽ ഉണ്ടായിരുന്ന ലഘുഭക്ഷണം നൽകുന്നു.

ഈ അഞ്ചു വയസ്സുകാരിയുടെ നയം പോലും നമുക്കില്ലാതായിപ്പോയോ?ഇത്തരം മനുഷ്യരുടെ വേദനയ്ക്ക് നമ്മുടെ മനസ്സ് ഒരുക്കമല്ലേ?എന്തുകൊണ്ട്?

അനഘ ഉണ്ണികൃഷ്ണൻ
VIII E

# ആസ്വാദന കുറിപ്പ്

## ഒരു അടിമപ്പെൺകുട്ടിയുടെ ജീവിതാനുഭവങ്ങൾ

ലിൻഡ ബ്രെറ്റ് എന്ന പേരിൽ ഹാരിയറ്റ് ജേക്കബ്സ് എഴുതിയ ആത്മകഥയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം .അടിമസ്ത്രീകൾ ചെറുപ്പം മുതൽ അനുഭവിക്കുന്ന ലൈംഗിക ചൂഷണങ്ങളെ ,അവരിലൊരാളായി നിന്ന് പുറം ലോകത്തിനു മുന്നിൽ തുറന്നു കാട്ടിയ ,അതിനു ധൈര്യപ്പെട്ട ആദ്യത്തെ വനിതാ എഴുത്തുകാരിയാണ് ഹാരിയറ്റ് ജേക്കബ്സ്.പിൽകാലത്ത് ഈ ഗ്രന്ഥകാരി അടിമത്ത വിമോചന പ്രസ്ഥാനത്തിന്റെ വക്താവും പ്രവർത്തകയുമായി മാറി.800 കളിൽ അമേരിക്കൻ ഐക്യനാടുകളിലെ തെക്കൻ സംസ്ഥാനങ്ങളിൽ നടന്ന അതിക്രൂരമായ അടിമത്ത വാഴ്ചകൾക്ക് ഇരയായവരാണ് ലിൻഡയും കുടുംബവും. ആറ് വയസ്സുവരെ അങ്ങേയറ്റം സ്നേഹ ലാളനകളോടെ പരിരക്ഷിച്ച സ്വന്തം മാതാപിതാക്കളോടുള്ള അളവറ്റ അടുപ്പത്തിൽ ജീവിതം ആരംഭിച്ചവളാണ് ലിൻഡ.താൻ മറ്റൊരാളുടെ അടിമയാണെന്നറിയാത്ത അവൾ പിന്നീടത് മനസ്സിലാക്കുമ്പോൾ അവളുടെ ആത്മവിശ്വാസവും ആദർശങ്ങളും അതുൾക്കൊള്ളാൻ അവളെ അനുവദിച്ചിരുന്നില്ല.ഡോ.ഫ്ളിന്റ് എന്ന മനുഷ്യന്റെ തരം താഴ്ന്ന ലൈംഗികപീഡകൾക്ക് വിധേയയാക്കപ്പെടുമ്പോൾ ,തന്റെ അഭിമാനവും ,സ്വാതന്ത്ര്യമോഹവും ,സാധാരണ ജീവിതത്തിനുവേണ്ടിയുള്ള അതിയായ ആഗ്രഹവും പേറി അവൾ ജീവിതത്തോട് മല്ലടിക്കുന്നു.ലിൻഡ തന്റെ സന്താനങ്ങൾക്കുവേണ്ടി

എല്ലാ പീഡകളും ,അവരുടെ ഉയർച്ചയ്ക്കുവേണ്ടി ,സാധാരണക്കാർക്ക് സ്വപ്നം കാണാൻ സാധിക്കാത്ത അത്ര കഠിന പീഡകൾ സഹിച്ചവളുമായിരുന്നു.താൻ തന്റെ യജമാനന്റെ മാത്രം സ്വത്താണ് എന്ന അയാളുടെ അവകാശപ്പെടലിനെ, ജീവൻ മരണ പോരാട്ടങ്ങളിലൂടെയാണ് ലിൻഡ അവളുടെ യജമാനനെ വെല്ലുവിളിച്ചത്.പണ്ടും അതുപോലെ ഇപ്പോഴും കാണുന്ന ഈ അനാചാരത്തിനെതിരെ ഹാരിയറ്റ് ജേക്കബ്സ് എഴുതിയ ' ഒരു അടിമപ്പെൺകുട്ടിയുടെ ജീവിതാനുഭവങ്ങൾ ' എന്ന ഗ്രന്ഥം ലോകത്തിനു മുന്നിലും ഓരോ വ്യക്തിയുടേയും മനസാക്ഷിക്കുമുന്നിലും വലിയ ഒരു മാതൃകയാണ്. ഈ ഗ്രന്ഥം ആളുകളിലേയ്ക്ക് വ്യാപിക്കുന്നതിലൂടെ ഓരോ വ്യക്തിയ്ക്കും അവരുടെ ജന്മാവകാശങ്ങൾ ലഭിക്കുമെന്ന് കരുതുന്നു.

ദേവതീർഥ പി എൻ
VIII E

# മദർ തെരേസ

## ജീവചരിത്രം

1910 ആഗസ്റ്റ് 26 ന് അൽബേനിയയിൽ ജനിച്ച് ഇന്ത്യ പ്രവർത്തന കേന്ദ്രമാക്കി ഉപവിപ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയയായ ക്രൈസ്തവ സന്യാസിനിയാണ് മദർ തെരേസ .ഓട്ടോമൻ സാമ്രാജ്യത്തിലെ കൊസവോ പ്രവിശ്യയിലുള്ള സ്കോപ്യായ് എന്ന സ്ഥലത്തു വടക്കൻ അൽബേനിയക്കാരനായ നിക്കോളയുടെ വെനിസിനടുത്തുള്ള ഗ്യാകോവെയ്ക്കാരിയായദ്രനാഫൈൽ ബെർണായിയുടെയും പുത്രിയായി ജനിച്ചു .യഥാർത്ഥ പേര് അന്യേസ ഗോൽജെ ബിയോജ്യ എന്നാണെങ്കിലും മദർതെരേസ,സിസ്റ്റർ തെരേസ ,ബംഗാളി തെരേസ എന്നീ ഓമനപേരുകളിൽ അറിയപ്പെടുന്നു .ആഗ്നസിനു 8 വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു .പിതാവിന്റെ മരണത്തിനു ശേഷം അധിക സമയവും പള്ളിയിൽ ചിലവിടുന്ന ആഗ്നസ് തന്റെ പന്ത്രണ്ടാം വയസ്സിലാണ് സന്യാസിനിയാവാൻ ആഗ്രഹിക്കുന്നത് .അശരണർക്കും ദരിദ്രർക്കും രോഗികൾക്കും അനാഥർക്കും വേണ്ടി 'മിഷനറീസ് ഓഫ് ചാരിറ്റി 'എന്ന കത്തോലിക്കാ സന്യാസിനി സഭ രൂപീകരിച്ചു .തന്റെ പതിനെട്ടാം വയസ്സിൽ വീടുവിട്ട തെരേസ 1931 മെയ് 24 ന് സഭാവസ്ത്രം സ്വീകരിച്ചു. ലൊറേറ്റോ കോൺവെന്റ് സ്കൂളിൽ അധ്യാപിക(ഭൗമശാസ്ത്രം)യായിരിക്കെ 1937 മെയ് 14 ന് നിത്യവ്രതം സ്വീകരിച്ചു.പാവപ്പെട്ട ആളുകൾക്കിടയിൽ പ്രവർത്തിച്ച ആഗ്നസ് 1948 ന് സഭാ വസ്ത്രം ഉപേക്ഷിച്ച് കൊൽക്കത്തയിൽ ഓട വൃത്തിയാക്കുന്നവരുടെ വസ്ത്രം (നീലയും വെള്ളയും)സ്വീകരിച്ചു..ആഗ്നസിന്ബംഗാളി

,ഹിന്ദി,ഇംഗ്ലീഷ്,അൽബേനിയൻ, സെർബോ ക്രൊയേഷ്യൻ എന്നീ 5 ഭാഷകളിൽ പ്രാവീണ്യമുണ്ട്.1979 ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.നോബൽ സമ്മാനത്തിന്റെ ഭാഗമായി 192,000 ത്തോളം അമേരിക്കൻ ഡോളർ ഇന്ത്യയിലെ പാവങ്ങളുടെ ക്ഷേമത്തിനായി ആഗ്നസ് ചിലവഴിച്ചു.ഇന്ത്യ സന്ദർശിക്കണം എന്ന അടങ്ങാത്ത മോഹത്തിനറുതി വരുത്തി 1929 ന് ഇന്ത്യയിലെത്തി.1970 ഓടെ ലോകപ്രശസ്ത സാമൂഹിക സേവകയായ ആഗ്നസിനെയും അവരുടെ സേവനത്തിനെയും ബഹുമാനിച്ചുകൊണ്ട് അവർക്ക് മാർപ്പാപ്പ നൽകുന്ന പുരസ്കാരവും ,ഫിലിപ്പീൻസ് സർക്കാറിന്റെ മാഗ്സസെ പുരസ്കാരവും ,ഇന്ത്യയുടെ പത്മശ്രീ പുരസ്കാരവും ജവഹർലാൽ നെഹ്റു അവാർഡ് ഓഫ് ഇന്റർനാഷണൽ അണ്ടർ സ്റ്റാന്റിങ് പുരസ്കാരവും നൽകി ആദരിച്ചു . ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ കൊൽക്കത്തയിലെ വാഴ്ത്തപ്പെട്ടപ്പെട്ടവളായി പ്രഖ്യാപിച്ചു.അമേരിക്കൻ ജനത ആരാധിക്കുന്ന 10 വനിതകളിലൊരാളാണ് തെരേസ.2018 സപ്തംബർ 4 ന് തെരേസയെ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.ഇന്ത്യയുടെ പത്മശ്രീ പുറം നാട്ടിൽ ജനിച്ച ഒരു വ്യക്തിക്കു നൽകുന്നതും മരണശേഷം 5 വർഷത്തിലധികം സമയമെടുക്കാതെ കത്തോലിക്കക്കാർ ഒരു വ്യക്തിയെ വിശുദ്ധയായി പ്രഖ്യാപിക്കുന്നതും ഇതാദ്യമായാണ്.1997 സപ്തംബർ 5 ന് തന്റെ എൺപത്തി ഏഴാമത്തെ വയസ്സിൽ ലോകത്തെ മുഴുവൻ കണ്ണീരിലാഴ്ത്തി പാവങ്ങളുടെ അമ്മ, ദൈവത്തിന്റെ മാലാഖ ഈ ഭൂമിയോട് വിട പറഞ്ഞു .

ദേവതീർത്ഥ പി എൻ
VIII E



# വായനക്കുറിപ്പ്

## സംഗീതവീട്ടിലെ രാജകുമാരൻ

ഞാൻ വായിച്ച വളരെ നല്ല ഒരു പുസ്തകമാണ് സംഗീതവീട്ടിലെ രാജകുമാരൻ . വായനക്കാരുടെ മനസ്സിൽ പെട്ടെന്ന് ഇടം പിടിച്ച് പറ്റുന്ന ഒരു പുസ്തകമാണിത് . പ്രശസ്ത കവി സിപ്പി പള്ളിപ്പുറമാണ് ഇതിന്റെ രചയിതാവ് . തന്റെ തൂലിക കൊണ്ട് ഒരു കഥയെ അദ്ദേഹം വായനക്കാരുടെ മനസ്സിൽ പതിക്കുന്നു . കൊച്ചു കൊച്ചു സന്തോഷങ്ങളിലൂടെയും വലിയ വലിയ ദുരന്തങ്ങളിലൂടെയും കടന്നുപോവുന്ന സ്വാതിതിരുനാൾ എന്ന അന്ധഗായകന്റെ കഥയാണിത് . സ്വാതിയുടെ ജനനം ഒരു അടുപ്പിനരികത്തായിരുന്നു . ചെറുപ്പകാലം മുതൽക്കെ സംഗീതത്തിൽ താൽപര്യമുള്ളതുകൊണ്ടാണ് അവന് സ്വാതി തിരുനാൾ എന്ന് പേരിട്ടത് . അച്ഛനും അമ്മയും അനുജത്തിയും പാട്ടിയമ്മൂമ്മയും അടങ്ങുന്നതാണ് സ്വാതിയുടെ കുടുംബം . അച്ഛന്റെ ചെറിയൊരു ജോലിയാണ് അവരുടെ ആശ്രയം . എന്നാൽ സ്വാതിയുടെ ചെറുപ്പത്തിലേ അച്ഛൻ മരിച്ചു . അതോടെ ദുരിതപൂർണമായി ജീവിതം . എന്നാൽ ചിലരുടെ കാരുണ്യം കൊണ്ട് അവൻ വീണ്ടും സംഗീതലോകത്തേക്ക് കടന്നു വന്നു . പാട്ടിൽ നല്ല കഴിവുള്ളതിനാൽ സംഗീത കോളേജിൽ ചേർന്നു പഠിച്ചു . എന്നാൽ ഇടയിൽ വെച്ച് അവന്റെ പാട്ടിയമ്മൂമ്മയും അവനെ വിട്ടുപോയി . അത് സ്വാതിയ.വല്ലാത.തളർത്തി .എങ്കിലും.പാട്ടിയമ്മൂമ്മയുടെ.ആഗ്രഹസാധ്യത്തിനായി അവൻ വീണ്ടും പഠിച്ചു . വളർന്നു വലിയ പാട്ടുകാരനായി ഇതിലൂടെ മനസ്സിലാവുന്നത് കാഴ്ച്ചയുള്ളവനേക്കാൾ കണ്ണുതുറന്ന് കാഴ്ച്ചയില്ലാത്തവർ നടക്കുന്നു .



അവർക്ക് നല്ലൊരു മനസ്സുണ്ട്.അതാണ് സ്വാതി എന്ന ചെറുപ്പക്കാരനെ ഇങ്ങനെയൊരു നിലയിലെത്തിച്ചത് , വളർത്തിയത് . നല്ലൊരു മനസ്സുണ്ടെങ്കിൽ എന്തും കീഴടക്കാം എന്ന് നാം അറിയണം .

രാധിക . വി
VIII.C



# എന്റെ ഓർമ്മകൾ

ആദ്യമായി ഒന്നാം ക്ലാസ്സിന്റെ പടി ചവിട്ടുമ്പോൾ എന്റെ മനസ്സിൽ സന്തോഷമായിരുന്നു .വീട്ടിൽ കാളിക്രൂട്ടുകാരില്ലാതെ കഴിഞ്ഞ എനിക്ക് വിദ്യാലയത്തിൽ നിന്നും ഏറെ നല്ല സുഹൃത്തുക്കളെ കിട്ടി .അവരിലധികവും ആൺകുട്ടികളായിരുന്നു .ഞങ്ങൾ ഞങ്ങൾക്കുലഭിക്കുന്ന്നതെല്ലാം പങ്കുവെച്ചു .ഭക്ഷണവും അറിവും സ്നേഹവുമെല്ലാം . ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്ന പഴഞ്ചൊല്ല് ഞങ്ങൾ ഞങ്ങളുടെ സുഹൃദ്ബന്ധത്തിലൂടെ തെളിയിച്ചു .സ്ക്രൂളില്ലാത്ത വേളകളിൽ ഞങ്ങൾ എന്റെ അച്ഛന്റെ പറമ്പിൽ പോയി ഊഞ്ഞാലാടി ,കള്ളനും പോലീസും , ഒളിച്ചും പൊത്തിയും എല്ലാം കളിക്കുകയും മാമ്പഴം വീഴുമ്പോൾ മത്സരിച്ചു പെറുക്കി കഴിക്കുകയും ചെയ്തു .ആ ദിവസങ്ങളെല്ലാം ഇപ്പോൾ വെറുമൊരു ഓർമ്മമാത്രം .അന്ന് ചില കുടുംബപരമായ കാരണങ്ങളാൽ ഞങ്ങൾക്ക് അമ്മയുടെ വീട്ടിലേക്ക് വരേണ്ടി വന്നു .എന്റെ പ്രിയ തോഴരെ വിട്ടുപിരിയേണ്ടി വന്നു പിന്നീട് വീടിന്റെ അടുത്തുള്ള തൃക്കുറ്റിശ്ശേരി സ്ക്രൂളിൽ ചേരേണ്ടിവന്നു .അവിടെ കണ്ട ഓരോ കുട്ടികളിലും എന്റെ പ്രിയ സുഹൃത്തുക്കളെയാണ് കണ്ടത് .അവരുമായി ഇണങ്ങി വരാൻ എനിക്ക് ഒരുപാട് സമയം വേണ്ടി വന്നു .ഒരുപക്ഷേ ,എന്റെ ജീവിതത്തിൽ അങ്ങനെയൊരു പ്രശ്നം ഉണ്ടായില്ലെങ്കിൽ ഞാനവരോടൊപ്പം എന്റെ ഹൈസ്ക്രൂൾ പഠനം ഉല്ലാസത്തോടെ ആരംഭിച്ചിരുന്നേനെ .ചേരുന്നതല്ലേ ചേരൂ .

**ദേവതീർത്ഥ പി എൻ**
VIII E

*Little Kites*

GHSS Avitanallur



# മഴത്തുള്ളിയോട്

മേഘ്യത്തിൻ  വിയർപ്പോ
അതോ വാനത്തിൻ കണ്ണീരോ .......
താളത്തിൻ  ലയമോ
അതോ രാഗത്തിൻ ശ്രുതിയൊ ....

രാവിന്റെ ക്രൂട്ടുകാരിയോ
അതോ ഇരുളിന്റെ ശത്രുവോ ....
മോഹത്തിൻ  വിരഹമോ
അതോ വിരഹത്തിൻ സ്വപ്നമോ .....

മണത്തിൻ കൊഞ്ചലോ
അതോ അമൃതിന്റെ ധാരയോ ....
കാലത്തിൻ കുസൃതിയോ
അതോ ദാഹത്തിൻ ശമനിയോ

ഹരിത്തിൻ പച്ചപ്പൊ
അതോ ചന്ദ്രന്റെ നിലാവോ....
വാനത്തിൻ തീർത്ഥമോ
അതോ ദൈവത്തിൻ വരദാനമോ ?


ദേവപ്രിയ
8 A

## പ്രളയമെടുത്ത സ്വപ്നം

കഴിഞ്ഞ കുറേ മാസങ്ങളായി ഉണ്ണിയും ചേച്ചി കാർത്തുവും അമ്മ സീമയും അച്ഛൻ രവിയും വളരെയധികം സന്തോഷത്തിലാണ് .തങ്ങളുടെ ഒരായുസ്സിന്റെ മുഴുവൻ അധ്വാനവും 'സ്വന്തമായി ഒരു വീട്" എന്ന സ്വപ്നത്തിലേക്ക് ചിലവഴിച്ച സന്തോഷത്തിൽ . കഴിഞ്ഞ ഇരുപത് വർഷങ്ങളായി മത്സ്യത്തൊഴിലാളിയായ രവിയും പ്രമേഹം മൂർച്ഛിച്ച് നരകജീവിതം നയിക്കുന്ന സീമയും പഠിക്കാൻ പ്രഗത്ഭരും അധ്യാപകരുടെ കണ്ണിലുണ്ണികളും സ്ക്രൂളിന്റെ മിന്നും താരങ്ങളുമായി നാലിലും ഏഴിലും പഠിക്കുന്ന ഉണ്ണിയും കാർത്തുവും താമസിക്കുന്നത് തീരപ്രദേശത്തുള്ള ഒരു ചെറിയ കുടിലിലാണ് .ഈ കഴിഞ്ഞ 'ഓഖി' ദുരന്തത്തിൽ ഇവരുടെ കുടിലിന്റെ മുക്കാൽ ഭാഗവും നശിച്ചു കഴിഞ്ഞു .അന്ന് അവർക്ക് ചില സഹായങ്ങൾ ലഭിച്ചു എങ്കിലും പുതിയ ഒരു വീട് പണിയാൻ സാധിച്ചില്ല .പഴയ വീട് പുതുക്കിപ്പണിയാൻ മാത്രമേ കഴിഞ്ഞുള്ളു .ഒരു ചെറിയ കാറ്റും മഴയും വന്നാൽപ്പോലും ഇപ്പോൾ പറന്നു പോകും എന്ന അവസ്ഥയിൽ അവരുടെ കുടിൽ നിന്നുവിറയ്ക്കും .പക്ഷേ രവിയ്ക്കും സീമയ്ക്കും വിഷമം വൈദ്യുതി ഇല്ലാത്തതിനാൽ തെരുവുവിളക്കിന്റെ ചുവടെയിരുന്ന് പഠിക്കുന്ന ഉണ്ണിയേയും കാർത്തുവിനെയും കാണുമ്പോഴാണ് .എല്ലാവരുടെയും സങ്കടങ്ങൾക്കറുതിയായ് ഇരുപത് വർഷത്തെ സ്വന്തം അധ്വാനവും സുഹൃത്തുക്കളിൽ നിന്നും കടം വാങ്ങിയ പണവുമായ് രവി ഒരു വീട് പണിയാൻ തീരുമാനിച്ചു .ആ വീടിന്റെ പ്രവേശനകർമമായിരുന്നു ഞായറാഴ്ച .ചില സുഹൃത്തുക്കളും അടുത്ത ബന്ധുക്കളും അയൽക്കാരും മാത്രമുള്ള ചെറിയൊരു പാലുകാച്ചൽ .അതായിരുന്നു രവിയുടെ മനസ്സിൽ .ഗൃഹപ്രവേശനത്തിന് ഒരു മാസം മുമ്പേ എല്ലാവരെയും ക്ഷണിച്ചിരുന്നു .അങ്ങനെ അവർ കാത്തിരുന്ന

ദിവസം അടുത്തുകൊണ്ടിരിക്കുന്നു .ഒപ്പം അവരുടെ മനസ്സിലെ സ്വപ്നങ്ങളും ഗ്രഹപ്രവേശത്തിന്റെ തലേന്ന് പുതിയവീട്ടിൽ അതിഥികളെ സ്വീകരിക്കാനുള്ള ഒരുക്കങ്ങൾക്കായി രാവിലെ തന്നെ രവിയും കുടുംബവും പുറപ്പെട്ടു .നേരം ഉച്ചയോടടുത്തപ്പോൾ നല്ല മഴക്കാറും കണ്ടു .മഴക്കാറും കണ്ട് എല്ലാവരും അവരവരുടെ വീടുകളിലേക്ക് പോയി .പക്ഷെ മഴക്കാർ വേഗം തന്നെമാറി .പിന്നെ അവർ നാലുപേരും ആ ഒറ്റമുറിക്കുടിലിൽ ഇരുന്നുകൊണ്ട് നാളെത്തെ പരിപാടിയെക്കുറിച്ചുള്ള മധുരസ്വപ്നം കാണുകയായിരുന്നു .ഒറ്റത്തുള്ളിയിൽ നിന്നായിരുന്നു തുടക്കം. പൊടുന്നനെ അത് തുള്ളിയ്ക്ക് ഒരുകുടം എന്ന വണ്ണം തിമർത്തുപെയ്യാൻ തുടങ്ങി .ഓലമേഞ്ഞ ആ കുടിലിന്റെ മോന്തായം മുക്കാൽഭാഗവും ഓട്ടയായതിനാൽ വീട്ടിലെ പാത്രങ്ങളെല്ലാം ഓട്ടകൾക്കടിയിൽ വെച്ച് അവർ കിടന്നുകിടന്നു ഉറങ്ങി .രാത്രിയായപ്പോൾ താങ്കൾ കിടന്ന പലക ഒഴുകുന്നതായ് അവർക്ക് തോന്നി .എഴുന്നേറ്റ് നോൽക്കുമ്പോൾ നാലുപേർക്ക് സുഖമായി കിടക്കാവുന്ന പലക വേർപെട്ട് നാല് കഷ്ണങ്ങളായിരിക്കുന്നു. അതിലുമവരെ അതിശയിപ്പിച്ചത് അതിശക്തമായ മഴവെള്ളപാച്ചിലിൽ കഴുത്തോളം വെള്ളത്തിൽ താങ്കൾക്കിടക്കുന്നതാണ് ഒപ്പം പാമ്പുമുതലായ ഇഴജന്തുക്കളുടെ നടുവിൽ ഭയംകൊണ്ട് മാറാൻ ഒരു തുണിപോലും എടുക്കാതെ അവർ ഓടി തങ്ങളുടെ പുതിയ വീടിനകത്തെത്തി .അവിടത്തെ കാഴ്ച കണ്ട് ഇരുവരും നിശ്ശബ്ദരായി നിന്നുപോയി .കാരണം 20 വർഷത്തെ അധ്വാനം കൊണ്ട് ആറ്റുനോറ്റുണ്ടാക്കിയ വീട് അതിശക്തമായ ഉരുൾപൊട്ടലിൽ ചിതറി.അതുകണ്ട രവിയും സീമയും നിന്നനില്പിൽ ബോധം കെട്ടുപോയി .പൊടുന്നനെ ചീറിപാഞ്ഞെത്തിയ ആംബുലൻസുകളിൽ രവിയെയും സീമയെയും കൊണ്ടുപോയി .ആ ഉരുൾപൊട്ടലിൽ ജീവച്ഛവമായ അനേകം മനുഷ്യരേയും ആംബുലൻസിന്റെ മങ്ങിയ ഹെഡ്‌ലൈറ്റ് വെളിച്ചത്തിൽ അവർ കണ്ടു .ഒപ്പം പൊട്ടിക്കരയുന്ന

ബന്ധുമിത്രാതികളെയും രക്ഷാപ്രവർത്തകരെയും പെട്ടന്ന് ഏതോ കൈകൾ വന്നു അവരെ കോട്ടപ്പുറം ഹൈസ്ക്കൂളിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു . അന്നത്തെ രാത്രി ആരും ഉറങ്ങിയില്ല . ആ ക്യാമ്പിൽ സർവവും നഷ്ടപ്പെട്ട ഒരു പിടി മനുഷ്യർ അനാഥ പ്രേതങ്ങളെ പോലെയായ കാഴ്ച കർത്തുവിനെയും ഉണ്ണിയേയും ഭയപ്പെടുത്തി . പിറ്റേന്നു രാവിലെ ദുരിതാശ്വാസ ക്യാമ്പിലെ ടി വി യിൽ നിന്നും ആ പ്രളയത്തിൽ മരിച്ച ആളുകകളുടെ ഫോട്ടോ കാണിക്കുന്നു .അതിൽ അവരുടെ അച്ഛനും അമ്മയും . ഒന്ന് നിലവിളിക്കാൻ പോലും ആവാതെ ജീവനുള്ള ശവങ്ങളായി കർത്തുവും ഉണ്ണിയും . അല്ലയോ സർവ ശക്തനായ ദൈവമേ ഓഖിയും , അമ്മയുടെ അസുഖവും കൊണ്ട് തന്നെ കഷ്ടപ്പെടുന്ന ഈ പിഞ്ചു കുഞ്ഞുങ്ങൾക്ക് എന്ത് പാപം ചെയ്തതിന്റെ പേരിലാണ് ഈ മഹാ ശിക്ഷ നൽകിയത് എന്നായി ഏവരുടെയും ചോദ്യവും പെരുമാറ്റവും . എന്നാൽ ജീവിതം ഒരു ചോദ്യ ചിഹ്നമായി മാറിയ കാർത്തുവും ഉണ്ണിയും ഇനി എന്ത് എന്ന ചോദ്യത്തിന് ഉത്തരം കിട്ടാതെ അലഞ്ഞു നടന്നു .

ദേവപ്രിയ എസ്
VIII E

# ആസ്വാദന കുറിപ്പ്

## പാത്തുമ്മയുടെ ആട്

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ രസകരമായ നോവലാണ് പാത്തുമ്മയുടെ ആട് . കഥകൾ പറഞ്ഞും എഴുതിയും  തീർന്ന എഴുത്തുകാരനാണ് വൈക്കം മുഹമ്മദ് ബഷീർ .  നർമരസത്തിൽ അദ്ദേഹം എഴുതിയ കഥകൾ നന്മയുടെ ലോകമാണ് തുറന്നു വിട്ടത് . എല്ലാ ജീവജാലങ്ങളും ഭൂമിയുടെ അവകാശികളാണെന്ന് ഈ കൃതി പ്രഖ്യാപിക്കുന്നു . അനേക കാലത്തെ അലഞ്ഞു തിരിഞ്ഞുള്ള ഏകാന്ത ജീവിതത്തിനു ശേഷം മൂക്കത്തു ശുണ്ഠിയുമായി വൈക്കം പട്ടണത്തിനടുത്തുള്ള തലയോലപ്പറമ്പിലെ വീട്ടിൽ താമസിക്കുമ്പോൾ ഉണ്ടായ സന്ദർഭങ്ങളാണ് പാത്തുമ്മയുടെ ആട് എന്ന നോവലിൽ പ്രതിപാതിക്കുന്നത് . ഈ നോവലിൽ കഥയില്ല . നായകനോ നായികയോ വില്ലനോ ഇല്ല . പ്രണയമില്ല. കലഹമില്ല. മത്സരമില്ല. കഥയില്ലാത്ത കൊണ്ട് തന്നെ അത് വളരുന്നില്ല ; അത് എവിടെയും ചെന്ന് അവസാനിക്കുന്നില്ല . കുടുംബത്തിൽ ഏതാനും ആഴ്ചകളിൽ നടക്കുന്ന കുറേ സംഭവങ്ങളുടെ വിവരണം മാത്രം . കഥാപാത്രങ്ങൾ : ഉമ്മ ,സഹോദരി ,സഹോദരന്മാർ , മറ്റു കുടുംബാംഗങ്ങൾ , ഇവരോളം തന്നെ പ്രാധാന്യത്തിൽ വീട്ടിലെ ആടുകളും, കോഴികളും , പൂച്ചകളും പിന്നെ പറമ്പിലെ അണ്ണാറക്കണ്ണനും ചാമ്പ മരവും . പാത്തുമ്മയുടെ ആട് പെറുന്നതോടെ നോവൽ അവസാനിക്കുന്നു . ഇതിനിടയിൽ ആ

കുടുംബത്തിനകത്തു നടക്കുന്ന കൊച്ചു കൊച്ചു കാര്യങ്ങൾ ആളുകളുടെ ഇണക്കം , പിണക്കം , ഏഷണി , കുശുമ്പ് എല്ലാം തമാശ ചാലിച്ചെഴുതിയിരിക്കുകയാണ് ബഷീർ ചെയ്തിരിക്കുന്നത് . ദാരിദ്ര്യവും കഷ്ടപ്പാടും സ്ത്രീകൾ എങ്ങനെയാണു നേരിടുന്നത് എന്ന് ഈ പുസ്തകം സൂക്ഷിച്ചു നോക്കിയാൽ കാണാം . അറിവാർത്തു വെച്ച് ചോറ് ആണുങ്ങൾക്ക് കൊടുക്കുകയും കഞ്ഞി വെള്ളം കൊണ്ട് പെണ്ണുങ്ങൾ തൃപ്തിപ്പെടുന്നതുമായ ഒട്ടേറെ രംഗങ്ങൾ . ബഷീർ സ്വയം കളിയാക്കുന്ന രംഗങ്ങൾക്കും ഇവിടെ പഞ്ഞമില്ല .ആ ആട് സ്ത്രീത്വത്തിന്റെ പ്രതിച്ഛായയാണ് . -നിശബ്ദമായി എല്ലാം സഹിക്കുയും പലമട്ടിലുള്ള ചൂഷണത്തിന് വിധേയമാകുന്ന സ്ത്രീത്വം . ആടുകളെയും കോഴികളേയും പൂച്ചകളേയും കുടുംബത്തിലെ വ്യക്തികളായും ബഷീർ പരിഗണിക്കുന്നു .പൂവങ്കോഴിയെപ്പറ്റി പറയുമ്പോൾ ആ വീട്ടിലെ പിടകൾ എന്നല്ല അതവന്റ പതിനേഴ് ഭാര്യമാർ എന്നാണ് പ്രയോഗം . ഇവിടെ കാക്കയും പൂച്ചയും തമ്മിലുള്ള പോര് ഒരു കുടുംബവഴക്ക് പോലെയാണ് .

ഈ ജന്തുക്കളോടും പറവകളോടും മനുഷ്യരോടന്നപോലെ ബഷീർ വർത്തമാനം പറയുന്നുണ്ട് ആട് തന്റെ പുസ്തകം തിന്നുന്നത് കരുണയോടെ നോക്കിനിന്ന ബഷീർ അത് തന്റെ പുതപ്പുതിന്നുന്നത് കണ്ടപ്പോൾ സ്നേഹത്തോടെ പറയുകയാണ്;'ഹേ അജസുന്ദരി ദയവായി ആ പുതപ്പ് തിന്നരുത് .അതിന്റെ കോപ്പി വേറെ ഇല്ല്' .മനുഷ്യരും ജന്തുക്കളും പറവകളും ഇഴജാതികളും സസ്യലതാതികളും ഉൾപ്പെടുന്ന ഒരു വലിയ കുടുംബമാണ് ഈ ലോകം എന്ന ഭാവത്തിലാണ് നോവലിന്റെ പരിസമാപ്തി .

**സൗപരാജ് എസ് എ**

VIII B

*Little Kites*

GHSS Avitanallur

# ലിറ്റിൽ കൈറ്റ്സ് 2018-19



# സബ് ജില്ലാ ക്യാമ്പിലൂടെ












# ചിത്രശേഖരം ............









# ചിത്രശേഖരം ............







# ചിത്രശേഖരം ............







